Deshabhimani8-9-18,P.16

# ബാക്ടീരിയ ഇല കരിച്ചിൽ ബാധിച്ച വിരിപ്പുകൃഷിക്ക് അടിയന്തര സഹായം

തിരുവനന്തപുരം

പ്രളയാനന്തരം പാലക്കാട് ജില്ലയിലും പരിസരത്തും ഒന്നാം വിള നെൽക്കൃഷിയിൽ (വിരിപ്പുകൃഷി) വ്യാപകമായി ബാക്ടീരിയ ഇലകരിച്ചിൽ രോഗബാധയിൽപ്പെട്ട പാടങ്ങളിലെ കർഷകർക്ക് അടിയന്തര സഹായമെത്തിക്കാൻ കൃഷി വകുപ്പ് തീരുമാനിച്ചു.

ജില്ലയിൽമാത്രം 10 ബ്ലോക്കിലായി പതിനായിരം ഹെക്ടർ സ്ഥലത്താണ് രോഗം പിടിപെട്ടിരിക്കുന്നത്. 6493 ഹെക്ടർ നെൽക്കൃഷി പൂർണമായി നശിച്ചിരിക്കുകയാണ്. സംയുക്ത നിരീക്ഷണസംഘം സ്ഥലം സന്ദർശിക്കുകയും പ്രതിവിധികൾ നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. ഏക്കറിന് 30 ഗ്രാം സ്ട്രെപ്റ്റോസൈക്ലിനും രണ്ട് കിലോ ബ്ലീച്ചിങ് പൗഡറും പ്രയോഗിക്കാവുന്നതാണ്. രോഗം ശ്രദ്ധയിൽപ്പെട്ട 3762 ഹെക്ടറിലേക്കാണ് ശുപാർശ. ഹെക്ടറിന് 1775 രൂപ നിരക്കിൽ മരുന്ന് തളിക്കുന്നതിന് ചെലവാകുമെന്നാണ് കണക്കാക്കുന്നത്. ഇത് കൃഷിവകുപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കർഷകർക്ക് നൽകുമെന്ന് അധികൃതർ അറിയിച്ചു.